# “ഭാഷയെ
# വീണ്ടും കണ്ടെത്തൽ”

## പ്രൊഫസ്സർ കുഞ്ഞാപ്പുവിന്റെ ഏറ്റവും പുതിയ ലേഖന സമാഹാരം പ്രസിദ്ധീകരിച്ചു



## പ്രൊഫസ്സർ (ഡോ.) ജോയ് ടി. കുഞ്ഞാപ്പുവിന്റെ *"ഭാഷയെ വീണ്ടും കണ്ടെത്തൽ"* എന്ന ഏറ്റവും പുതിയ ലേഖനസമാഹാരം പ്രസിദ്ധീകരിച്ചിരിക്കുന്നു.

ആമസോൺ പോർട്ടൽ വഴിയാണ് ഈ കൃതിയും ഗൌരവപഠനം കാംക്ഷിക്കുന്ന വായനക്കാർക്ക് ലഭ്യമാക്കിയിരിക്കുന്നത്. ആമസോണിന്റെ ആഗോള സ്വഭാവം കണക്കിലെടുത്ത് ഈ ഗ്രന്ഥത്തിന്റെ മുൻച്ചട്ടയിലെയും പുറഞ്ചട്ടയിലെയും "ടെക്സ്റ്റ്" ഇംഗ്ലീഷിൽ രൂപപ്പെടുത്തിയിരിക്കുന്നു.

ഗദ്യമെഴുതുമ്പോൾ പൊന്തിവരാറുള്ള പല സംശയങ്ങളും നിവാരണം ചെയ്യാനുതകുന്ന ഒരു കൊച്ചു "കൈപുസ്തക"മായി പരിണമിച്ചിരിക്കുന്നു, ഈ ലേഖന സമാഹാരം. വ്യാകരണവിഷയങ്ങളും, കൈത്തഴക്കം വന്നവർക്കുപോലും സംശയം ജനിപ്പിക്കുന്ന വിഷയമായ "ചിഹ്ന"നിയമങ്ങളും, സർഗ്ഗരചനയുടെ മർമ്മം ചർച്ച ചെയ്യുന്ന ഖണ്ഡവും ഇതിൽ ഉൾപ്പെടുന്നുണ്ട്.

അദ്ദേഹത്തിന്റെ സമാഹരിക്കപ്പെടാതെ കിടക്കുന്ന കവിതകൾ അടങ്ങുന്ന ഒരു കൃതികൂടി അവസാന മിനുക്കുപണികൾക്കു ശേഷം അടുത്തുതന്നെ പുറത്തിറങ്ങുന്നതാണ് – "ആവർത്തനമില്ലാത്ത അനുസ്വരങ്ങൾ" [കവിതാ സമാഹാരം].

പുസ്തകത്തിന്റെ ഉള്ളടക്ക സവിശേഷതകളിലേക്ക് ഒരു എത്തിനോട്ടം, "Look Inside" എന്ന ആമസോൺ "ഹൈപർ ലിങ്ക്" തുറന്നാൽ സാദ്ധ്യമാണ്. പ്രസാധനം നിർവ്വഹിച്ചിരിക്കുന്നത് "ക്രിയേറ്റീവ് തിങ്കേഴ്സ് ഫോറം, ന്യു യോർക്ക്" വഴിയാണ്.

## ആമുഖമായ, "*ആലേഖനത്തിന്റെ അടിപ്പരപ്പ്*" എന്ന ഭാഗത്തിൽ നിന്ന്:

"...സംസ്കൃത മൂലതത്ത്വങ്ങളാണ് ഭാഷാവ്യാകരണത്തിന്റെയും അടിസ്ഥാനമെങ്കിലും, ഇന്ന് മലയാളം എഴുതുന്നവർ ആ നാഭീനാളിബന്ധം ഓർക്കുകകൂടിയില്ല; അതിന്റെ ആവശ്യവുമില്ല. കാരണം, ആ

നിയമങ്ങൾ മലയാളജീനുകളിൽ എന്നേ തുന്നിച്ചേർക്കപ്പെട്ടു കഴിഞ്ഞു.  എന്നാൽ, വാചകം വാർക്കുന്ന വേളയിൽ പദബന്ധത്തെക്കുറിച്ചു സംശയം ജനിക്കുമ്പോൾ അടിസ്ഥാനങ്ങളിലേക്കു തിരിച്ചുപോക്ക് ഒഴിവാക്കാവുന്നതുമല്ല.  വ്യാകരണനിയമങ്ങളുടെ ഓർമ്മപുതുക്കലും പുന:സന്ദർശനവും  അപ്പോഴാണ് വേണ്ടിവരുന്നത്.

ഇതിലെ *മിക്ക* ലേഖനങ്ങളിലും  ഗദ്യമെഴുതുമ്പോൾ വന്നേക്കാവുന്ന,  സംശയനിവാരണത്തിന് ഉപയോഗപ്രദമെന്ന് എനിക്കു തോന്നിയിട്ടുള്ള ചെറുതും വലുതുമായ വസ്തുതകൾ ഇണക്കിച്ചേർത്തിരിക്കുന്നു.  പല വ്യാകരണഗ്രന്ഥങ്ങൾ വിവിധ ആവശ്യങ്ങൾക്കായി പരതിനടന്നപ്പോൾ കുറിച്ച കുറിപ്പുകളും അടിവരകളും ഇതിൽ കാണാം.  അവയെ ഇവിടെ കണ്ടെത്തുന്നത്  സാധാരണ വ്യാകരണ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഗ്രന്ഥങ്ങളിലെ രീതിയിലല്ല…"

## ഇതാ ലിങ്ക്:

http://www.amazon.com/Language-Rediscovery-ESSAYS-MALAYALAM-Malayalam/dp/1497386586/ref=sr_1_4?s=books&ie=UTF8&qid=1401499160&sr=1-4&keywords=joy+kunjappu

**കൂടാതെ, ഈയിടെ പ്രസിദ്ധീകരിച്ച ലേഖനസമാഹാരമായ "ആരാണ് വിദ്യാധരനും സാമൂഹ്യ പാഠങ്ങളും" എന്ന കൃതിയുടെയും, "ഷ്രോഡിങറുടെ പൂച്ച" എന്ന കവിതാസമാഹാരത്തിന്റെയും ലിങ്കുകൾ താഴെ കൊടുത്തിരിക്കുന്നു.**

## "ആരാണ് വിദ്യാധരനും സാമൂഹ്യ പാഠങ്ങളും" [ലേഖനസമാഹാരം]

**http://www.amazon.com/Who-Vidyadharan-Social-Lessons-Malayalam/dp/1497526647/ref=sr_1_1?s=books&ie=UTF8&qid=1400368574&sr=1-1&keywords=joy+kunjappu**

## "ഷ്രോഡിങറുടെ പൂച്ച" [കവിതാ സമാഹാരം]

**http://www.amazon.com/Schrodingers-Cat-Collected-Poems-Malayalam/dp/1497477778/ref=sr_1_3?s=books&ie=UTF8&qid=1401499554&sr=1-3&keywords=joy+kunjappu**